# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3766

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. ഉമ്മർ<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.കെ. ബഷീർ | ശ്രീ.തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തുക**

| ചോദ്യം | മറുപടി |
|---|---|
| (എ) 2018-19 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ധനകാര്യ വകുപ്പ് അനുമതി നൽകിയ തുക പൂർണ്ണമായും നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | പ്രാദേശിക സർക്കാരുകൾ 27/03/2019 വരെ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ മാറി നൽകുന്നതിന് 23/03/2019 തീയതിയിലെ 27/2019/ധന നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. അതിനുശേഷം സമർപ്പിച്ച ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾക്കൊള്ളിക്കുവാനും നിർദ്ദേശം നൽകി. ഇത് സാമ്പത്തിക വർഷത്തിന്റെ അവസാനം ട്രഷറിയിൽ ഉണ്ടാകുന്ന തിരക്ക് ഒഴിവാക്കുന്നതിനു വേണ്ടി ഏർപ്പെടുത്തിയ സാധാരണ നടപടിക്രമം മാത്രമാണ്. |
| (ബി) 2018-19 വർഷത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 852 കോടി രൂപ ലാപ്സായതിൽ ധനകാര്യവകുപ്പിന്റെ ഭാഗത്തുണ്ടായ വീഴ്ച പരിശോധിച്ചിട്ടുണ്ടോ;<br>(സി) പ്രസ്തുത തുക ഏത് വിഹിതത്തിൽ നിന്നും നൽകാനാണ് ധനകാര്യവകുപ്പ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | 21/03/2015 ലെ സ.ഉ. (അച്ചടി) നം. 119/2015/ധന നമ്പർ ഉത്തരവ് പ്രകാരം മാർച്ച് 31 നകം ചെലവഴിക്കാൻ കഴിയാത്ത തുക, ട്രഷറി ഡയറക്ടർ ലഭ്യമാക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ തുടർന്ന് വരുന്ന വർഷത്തേയ്ക്കുള്ള രണ്ടാമത് ഗഡു അലോട്ട്മെന്റിനോടൊപ്പം അധിക ധനാനുമതി / ഉപ ധനാഭ്യർത്ഥന വഴി അനുവദിക്കുവാൻ നിലവിൽ ഉത്തരവുണ്ട്. പ്രാദേശിക സർക്കാരുകൾ ബിൽ ട്രഷറിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാറി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല. 2018-19 ൽ മാറാൻ കഴിയാതിരുന്ന് ട്രഷറിയിൽ 'ക്യൂ'വിൽ ഉൾപ്പെട്ട ബില്ലുകൾ 2019-20 സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും മാറി നൽകുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ